Appendix H4

കേരള സർക്കാർ

നം. എസ്.എ.4/328/2018/പൊഭവ

പൊതുഭരണ (സർവീസസ്-എ) വകുപ്പ്
തീയതി, തിരുവനന്തപുരം, 04/03/2022

**നോട്ടീസ്**

പൊതുഭരണ സെക്രട്ടേറിയറ്റിൽ, അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലിരിക്കേ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും നിലവിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്ന ശ്രീ നിസറുദ്ദീൻ അലി എന്ന താങ്കൾക്ക് 21.12.2001 ലെ സ .ഉ.( സാധാ) നം.9928/2001/പൊഭവ പ്രകാരം വിദേശത്ത് ജോലി നോക്കുന്നതിനായി 26.12.2001 മുതൽ 2 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കുകയും തുടർന്ന് 16.12.2003- ലെ സ.ഉ ( ആർറ്റി)നം . 8858/2003/പൊഭവ, 28.12.2006- ലെ സ.ഉ.( ആർറ്റി) നം . 9955/06/പൊഭവ എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത ശൂന്യവേതനാവധി യഥാക്രമം മൂന്ന്, അഞ്ച് വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുകയും അപ്രകാരം മൊത്തത്തിൽ 26.12.2001 മുതൽ 25.12.2011 വരെ 10 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചുത്തരവാകുകയും ചെയ്തു. തുടർന്ന്, 26.12.2011 മുതലുള്ള 10 വർഷത്തേയ്ക്കുള്ള ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിലേയ്ക്കായുള്ള താങ്കളുടെ അവധി അപേക്ഷ ഈ വകുപ്പിൽ സമർപ്പിച്ചത് 31.07.2018 ൽ മാത്രമാണ്. കെ.എസ് ആർ ഭാഗം I അനുബന്ധം XII A ചട്ടം 9 പ്രകാരം ശൂന്യവേതനാവധി മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. 05.11.2020 തിയതിയിലെ സ.ഉ(അ) നം. 152/2020/ധന പ്രകാരം 20 വർഷം ശൂന്യവേതനാവധി എന്നുള്ളത് 5 വർഷമായി ചുരുക്കുകയും 5 വർഷത്തിനുശേഷം ജോലിക്ക് ഹാജരാകാതിരുന്നാൽ Deemed Resignation ആയി പരിഗണിക്കേണ്ടതാണെന്നും നിലവിൽ അവധി ദീർഘിപ്പിച്ച് ഉത്തരവ് ലഭിച്ചവരുടെ കാര്യത്തിൽ ഇത് ബാധകമല്ലായെന്നും മേലിൽ ലീവ് ദീർഘിപ്പിക്കുന്നവർക്കു കോൺട്രാക്ട് വ്യവസ്ഥ കൂടി പരിശോധിച്ച ശേഷം ദീർഘിപ്പിക്കാനും ഉത്തരവായിട്ടുണ്ട്. അവധി കാലയളവ് കഴിഞ്ഞിട്ടും ജോലിക്ക് ഹാജരാകതെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നതിനാലും, **താങ്കൾ** ചട്ടം പ്രകാരമുള്ള രാജി അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലും , താങ്കൾക്കെതിരെ കെ . എസ് . ആർ . ഭാഗം ഒന്ന് , അനുബന്ധം XII-A , ചട്ടം 6 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച് താങ്കളുടെ സേവനം അവസാനിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് കുറ്റാരോപണ പത്രികയും കുറ്റാരോപണ മെമ്മോയും ലഭ്യമായ താങ്കൾ ലഭ്യമാക്കിയിട്ടുള്ള വിദേശ അഡ്രസിലേയ്ക്ക് Air Mail ആയി അയച്ചെങ്കിലും നാളിതുവരെ മെമ്മോ കൈപ്പറ്റിയതായുള്ള അക്നോളജ്മെന്റോ മെമ്മോയ്ക്കുള്ള താങ്കളുടെ വിശദീകരണമോ ലഭിച്ചിട്ടില്ല. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം താങ്കൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾക്കെതിരെ താങ്കളുടെ രേഖാമൂലമുള്ള വിശദീകരണം ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും . കുറ്റാരോപണ മെമ്മോയ്ക്ക് ആധാരമായ വസ്തുതകളെ സംബന്ധിച്ചുള്ള പ്രമാണങ്ങളുടെ പകർപ്പ് ആവശ്യമുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ട താങ്കളുടെ മേൽവിലാസം രേഖപ്പെടുത്തി, ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാലാവധിക്ക് മുമ്പായി , അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയിൽ നിന്നും രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

YamunaBR

ബി.ആർ.യമുന.
സ്പെഷ്യൽ സെക്രട്ടറി

ശ്രീ.നിസറുദ്ദീൻ അലി
അന്വർ വടക്കതിൽ